10 (2158) യു.എൻ.ഡി.പി.യിൽ നിന്നും ലഭിച്ച പദ്ധതികൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എൻ.ഡി.പി.യിൽ നിന്ന് സംസ്ഥാന കരകൗശല വികസന കോർപ്പറേഷന് എന്തെല്ലാം വികസനപദ്ധതികൾ ലഭിച്ചു;

(ബി) അതിനുവേണ്ടി ലഭിച്ച തുക എത്രയാണ്;

(സി) ഇതിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) അതിനുവേണ്ടി എന്തു തുക ചെലവായി?

ഉത്തരം

(എ) സംസ്ഥാന കരകൗശല വികസന കോർപ്പറേഷന് തടി സംസ്ക്കരിക്കുന്നതിനായി ഒരു തടി സംസ്ക്കരണശാലയും തടി വളയ്ക്കുന്നതിനായി ഒരു "വുഡ് ബെൻഡിംഗ് പ്ലാന്റ്"-ഉം നിലവിലുള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ ലഘുയന്ത്രങ്ങൾ സ്ഥാപിച്ച് നവീകരിക്കുന്നതിനുള്ള വികസനപദ്ധതികളുമാണ് യു.എൻ.ഡി.പി.യിൽനിന്ന് ലഭിച്ചിട്ടുള്ളത്.

(ബി) കേന്ദ്രകരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും ലഘുയന്ത്രങ്ങൾ വാങ്ങുന്നതിലേക്കായി 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കരകൗശല വികസന കമ്മീഷണറേറ്റിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സ്ഥാപിച്ച വുഡ് സീസണിംഗ് പ്ലാന്റിനും വുഡ് ബെൻഡിംഗ് പ്ലാന്റിനുമായി സംസ്ഥാന സർക്കാർ 6 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

(സി) വുഡ് സീസണിംഗ് പ്ലാന്റിലും വുഡ് ബെൻഡിംഗ് പ്ലാന്റിലും ഏപ്രിൽ 1-ാം തീയതി മുതൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) മൊത്തം 50 ലക്ഷം രൂപ മുതൽമുടക്ക് വരുന്ന പ്രസ്തുത പദ്ധതികൾക്ക് കരകൗശല വികസന കോർപ്പറേഷൻ 22 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക കേന്ദ്രകരകൗശല വികസന കമ്മീഷണറേറ്റ് നേരിട്ട് ചെലവഴിക്കുകയാണ്.

11 (2159) സംസ്ഥാനത്തുള്ള എൻ.ആർ.ഐ. വ്യവസായ സംരംഭകർ

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എൻ.ആർ.ഐ. വ്യവസായ സംരംഭകരുണ്ട്;

(ബി) ഇവർ എന്തുതുക വ്യവസായത്തിനായി മുടക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തെല്ലാം വ്യവസായങ്ങളിലാണ് ഇവർ മുതൽമുടക്കിയിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് എത്ര വിദേശവ്യവസായ സംരംഭകരുണ്ട്;

(ഇ) ഏതെല്ലാം വിദേശരാഷ്ട്രങ്ങളിൽ നിന്നുള്ളവരാണ് ഇവർ;

(എഫ്) ഏതെല്ലാം വ്യവസായങ്ങളിലാണ് ഇവർ മുതൽമുടക്കിയിട്ടുള്ളത്;

(ജി) ഇവർ എന്തുതുക വ്യവസായത്തിനായി മുടക്കിയിട്ടുണ്ട്?

ഉത്തരം

(എ) 40 എൻ.ആർ.ഐ. വ്യവസായ സംരംഭകർ ഉണ്ട്.

(ബി) 6392 ലക്ഷം രൂപ വ്യവസായത്തിനായി മുടക്കിയിട്ടുണ്ട്.

(സി) ടെക്നോപാർക്കിൽ വ്യവസായം ആരംഭിച്ചവർ സോഫ്റ്റ് വെയർ/ഇലക്ട്രോണിക്സ്/ഹാർഡ് വെയർ/ മേഖലയിലാണ് മുതൽമുടക്കിയിട്ടുള്ളത്. കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ മുതൽമുടക്കിയിട്ടുള്ളവരെ സംബന്ധിച്ച വിവരം അനുബന്ധം 1[†]ൽ ചേർത്തിരിക്കുന്നു.

(ഡി) ടെക്നോപാർക്കിൽ 18 ഉം കെ.എസ്.ഐ.ഡി.സി.യുമായി സഹകരിച്ച് 4 ഉം കിൻഫ്രയുടെ എറണാകുളം ജില്ലയിലെ കാക്കനാടുള്ള എക്സ് പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ വിദേശ മുതൽമുടക്കുള്ള ഒരു കമ്പിനിയും വ്യവസായവും ആരംഭിച്ചിട്ടുണ്ട്.

(ഇ) ജർമ്മിനി, സ്വീഡൻ, ഇംഗ്ലണ്ട്, സിംഗപ്പൂർ, യു.എസ്.എ, ദുബായ്, ബഹറിൻ, ഇറ്റലി, മലേഷ്യ, ഹോംകോംഗ്, ജപ്പാൻ എന്നീ രാഷ്ട്രങ്ങളിൽ നിന്നുള്ളവരാണിവർ.

(എഫ്) ടെക്നോപാർക്കിൽ സോഫ്റ്റ്വെയർ, ഇലക്ട്രോണിക്സ് ഹാർഡ്വെയർ മേഖലയിലും കിൻഫ്രായിൽ ജലാറ്റിൻ പ്ലാന്റിലുമാണ് മുതൽ മുടക്കിയിട്ടുള്ളത് കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ തുടങ്ങിയ വിദേശ വ്യവസായങ്ങളെ സംബന്ധിച്ച് വിവരം അനുബന്ധം 2[††]ൽ നൽകിയിരിക്കുന്നു.

(ജി) 140.37 കോടി രൂപ.

12 (2160) ഏറ്റവും കൂടുതൽ മൂലധന നിക്ഷേപം നടത്തിയിട്ടുള്ള പൊതുമേഖലാ സ്ഥാപനം

ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റ് ഏറ്റവും കൂടുതൽ തുക മൂലധന നിക്ഷേപം നടത്തിയിട്ടുള്ള പൊതുമേഖലാ സ്ഥാപനം ഏതാണ്;

(ബി) നാളിതുവരെ ഈ പൊതുമേഖലാ സ്ഥാപനത്തിൽ എത്ര കോടി രൂപയാണ് മൂലധന നിക്ഷേപം നടത്തിയിട്ടുള്ളത്;

[†] അനുബന്ധം X(1)

[††] അനുബന്ധം X (2)

LIBRARY ARCHIVES Kerala Legislative Assembly

	Alwarood Al. Hamara'A Trading LLC P.O. Box 184 Seeb Sultanate of Oman	Equipment				for site selection at Ernakulam Preliminary details obtained from party They shall be submitting Project report shortly.
6.	Mr. Davis Kallukaran Gazhali MAK Associates LLC P.O. Box 971 Al Hamriya Sultanate of Oman.	HRLR Threads	14	2.12.99	Ernakulam	Party visited Cochin in January 2000 Project report submitted in principle sanction for equity participation being put up in the 37th Executive Committee.

അനുബന്ധം X(1)

13-3-2000 ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 11 (2159) ന്റെ ഉത്തരം കാണുക

List of NRI Projects assisted by KSIDC

(31.01.2000)

Sl. No.	*Name of project*	*Location/Dist.*	*Cost of proj. (Rs. lakhs)*	*NRI Investment (Rs.lakh.)*
1.	Aark Synthetics Pvt. Ltd.	Ernakulam	205	45.00
2.	Bhagvathi Beverages Pvt. Ltd.	Ernakulam	230	82.00
3.	Universal Gloves Pvt. Ltd.	Ernakulam	224	62.40
4.	Danntex Rubber Pvt. Ltd.	Ernakulam	105	17.00
5.	Elcera Substrates Ltd.	Malappuram	290	52.25
6.	Silver Foam Pvt. Ltd.	Trivandrum	214	9.90
7.	Quality Mix (India) P.Ltd.	Thrissur	76	19.30
8.	Trivandrum Flour Mills P.Ltd.	Trivandrum	221	113.33
9.	Trend Setters Instyle India Ltd.	Ernakulam	138	62.50
10.	Poly Fibre Products P.Ltd	Ernakulam	134	48.00
11.	Affiliated Medical Equipment Ltd.	Ernakulam	282	70.88
12.	Emsons Treatwood Ltd.	Ernakulam	135	20.00
13.	Mode creazon India Ltd.	Ernakulam	252	64.00
14.	Cochin Minerals & Rutile Ltd.	Ernakulam	1836	310.00
15.	Gemini Solvents Ltd.	Kannur	105	47.00
16.	Southern Refineries Ltd.	Trivandrum	556	116.00
17.	Trend Apparel Accessories (P) Ltd.	Ernakulam	196	60.00
18.	Trend Setters Instyle (India) Ltd. (Exp.)	Ernakulam	287	24.50
19.	Trend Designs Ltd.	Ernakulam	738	168.75
20.	Jyothish Dyes & Pigments Pvt. Ltd.	Palakkad	224	38.18
21.	Safa Leather Exports Pvt. Ltd.	Thrissur	175	70.00

LIBRARY ARCHIVES Kerala Legislative Assembly

22.	Emtex International Pvt. Ltd.	Ernakulam	267	100.00
23.	Intimate Apparels Ltd.	Ernakulam	200	68.50
24.	Lotus Spices Ltd.	Ernakulam	2000	600.00
25.	Miracles Food Processors International Ltd.	Malappuram	250	146.37
26.	Bahuleyan Charitable Foundation	Kottayam	1000	800
27.	Indo German Carbons Ltd.	Ernakulam	1520	512
28.	SDS Infotech Ltd.	Trivandrum	175	85
29.	Kadappuram Beach Resorts &Hotels Pvt. Ltd.	Thrissur	100	50
30.	Delta Finster Ltd.	Wayanad	230	115
31.	Highland Tour Operators Pvt. Ltd. (Hotel)	Kollam	190	95
	Total		12555	4072.86

അനുബന്ധം X(2)

13-3-2000ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 11(2159) ന്റെ ഉത്തരം കാണുക

List of Projects with Foreign Investment

Sl. No.	*Name of Company*	*Location/ District*	*Cost of project (Rs. Lakhs)*	*Foreign Investment (Rs. lakhs)*	*Foreign Country*
1.	Covema Filaments Ltd.	Ernakulam	775	183	Italy
2.	Rubfila International Ltd	Palakkad	3722	871	Malaysia
3.	Chaya Industries Ltd.	Palakkad	1350	355	Singapore
4.	Torroid India Pvt. Ltd.	Trivandrum	750	450	Hongkong
5.	Rubfila International Ltd. (Exp.)	Palakkad	2040	163	Malaysia
	Total		8637	2022	

അനുബന്ധം - XI(1)

13-3-2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 13 (2161)-ന്റെ ഉത്തരം കാണുക

ചോദ്യം (ബി) യുടെ അനുബന്ധം

കയർ : സാർക്ക് രാജ്യങ്ങളിൽനിന്നും നിയന്ത്രണം കൂടാതെ കയർ, കയറുല്പന്നങ്ങൾ ഇറക്കുമതി ചെയ്യുവാൻ അനുവാദം നൽകുന്ന കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ കയറുല്പന്നങ്ങളുടെ ആഭ്യന്തര വിപണിയെ പ്രതികൂലമായി ബാധിക്കും. കയറുല്പന്നങ്ങളുടെ കയറ്റുമതി രംഗത്ത് വർഷങ്ങളായി നിലനിർത്തിപ്പോന്നിരുന്ന മിനിമം എക്സ്പോർട്ട് പ്രൈസ് ഘട്ടംഘട്ടമായി നീക്കം ചെയ്യുന്നതിന് കേന്ദ്രസർക്കാർ തീരുമാനിച്ചതും ആഗോളവൽക്കരണത്തിന്റെ ഭാഗമായാണ്. ഈ തീരുമാനം വിദേശവിപണിയിൽ കടന്നു മത്സരം സൃഷ്ടിക്കുന്നതിനും അത് കേരളത്തിലെ കയർതൊഴിലാളികളെ സംരക്ഷിക്കുന്നതിന് നിലനിർത്തിയിട്ടുള്ള പർച്ചേസ്

LIBRARY ARCHIVES Kerala Legislative Assembly